ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഒരു കേസ് നിലവിലുണ്ട്. ഇപ്പോൾ ഇവിടെ നടക്കുന്നത് അതിന്റെ തെളിവെടുപ്പാണെന്നു തോന്നുന്നു. ഏതായാലും സംസാരം സഭയുടെ അന്തസ്സിനു പറ്റാത്തരത്തിൽ അതിരുകവിഞ്ഞുവരുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : കാറ് ഓടിച്ചുകൊണ്ടുപോയപ്പോൾ വണ്ടിയിൽ മുട്ടിയതോ, ആളിനു പരിക്കു പറ്റിയതോ അറിയാത്തനിലയിൽ അകത്തു വല്ല സാധനവുമുണ്ടായിരുന്നോ ?

Mr. Speaker : Order, order. I cannot allow such a question.

ശ്രീ. എസ്. കാരൻ : ഈ കാർ ഓടിച്ചതു് ആഭ്യന്തരമന്ത്രി ആയിരുന്നുവെന്നും ഒരു സ്ത്രീ കൂടി കാറിൽ ഉണ്ടായിരുന്നുവെന്നും മറ്റുമുള്ള വാർത്ത പത്രങ്ങളിൽവന്നിട്ട് അതു സംബന്ധിച്ചുള്ള സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ മന്ത്രിക്കു് ഏഴുദിവസം വേണ്ടിവന്നു. സത്യാവസ്ഥ വെളിപ്പെടുത്താൻ ഇത്രയും താമസം വന്നതു് എന്തുകൊണ്ടാണെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. ടി. ചാക്കോ : കാറിന്റെ മഡ്ഗാർഡു് ഒരു ഉന്തുവണ്ടിയുടെ ചാവിയിൽ മുട്ടിയെന്നുമാത്രമെ എനിക്കു് ആദ്യം അറിയാമായിരുന്നുള്ളൂ. അതുകൊണ്ടു് സാധാരണഗതിയിൽ വണ്ടി ഓടിച്ചുപോവുകയും പോലീസിൽ അറിയിക്കുകയും ചെയ്തു. ഇതുസംബന്ധിച്ചു് പത്രങ്ങളിൽ, ഒരാളുടെ ഭാവനയിലും വരാത്ത അനേകം കഥകളും വന്നു. ഈ സംഭവത്തെ സംബന്ധിച്ചു് എന്തെങ്കിലും പറയുന്നതു് ക്യാബിനറിലുള്ള എന്റെ സഹപ്രവർത്തകരെ അറിയിച്ചതിനുശേഷം വേണമെന്നു് എനിക്കു് നിർബന്ധമുണ്ടായിരുന്നു. അപ്പോൾ മുഖ്യമന്ത്രി ഡൽഹിയിലായിരുന്നു. അദ്ദേഹം തിരിച്ചുവന്നശേഷം കാര്യങ്ങളും എന്റെ സഹപ്രവർത്തകരെ അറിയിച്ചശേഷം ഞാൻ പത്രക്കാരോടു് വിവരം പറഞ്ഞിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : ഒരു ചോദ്യം.

Mr. Speaker : Order, order. Sufficient number of supplementary questions have been put. Twenty minutes have been spent on a single question.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. പത്രങ്ങളിൽ വന്നിരുന്നതു് ഭാവന അനുസരിച്ചാണെന്നു മന്ത്രി ആദ്യം ഒരു ഉത്തരം നൽകിയിട്ടുണ്ടു്. തൃശ്ശൂരിലെ ഡി. എസ്. പി. യും മറ്റും പത്രമാഫീസുകളിൽ വിളിച്ചു ഭയപ്പെടുത്തിയെന്നു പത്രങ്ങളിൽ കണ്ടു. ഇതെല്ലാം ഭാവനാസൃഷ്ടിയാണെന്നുപറഞ്ഞു ചോദ്യം ചോദിക്കാനുള്ള ആളുകളുടെ അവകാശത്തെ തടയുന്നതു ശരിയാണോ ?

Mr. Speaker : Order, order. There is no point in that point of order.

Question No. 2, Shri K. K. Balakrishnan may put the question.

നാവിഗേഷൻ കനാലുകൾ.

* 7. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ ബഡ്ജറ്റിൽ നാവിഗേഷൻ കനാലുകൾ പണിയുന്നതിനു് നീക്കിവച്ചിരുന്ന സംഖ്യ എത്ര ;

(ബി) തൃശ്ശൂർ ജില്ലയിൽപ്പെട്ട കണിമംഗലം നാവിഗേഷൻ കനാൽ പണിയുന്നതിനു് എത്ര സംഖ്യ നീക്കിവച്ചിരുന്നു ;

(സി) ഇതിന്റെ പണി എന്തെങ്കിലും നടന്നോ ;

(ഡി) എങ്കിൽ അതിനുവേണ്ടി ചെലവായ സംഖ്യ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) 10 ലക്ഷം രൂപ.

(ബി) 20,000 രൂപ.

(സി, ഡി) ഇതിനുവേണ്ട സ്ഥലം പൊന്നുംവിലക്ക് എടുത്തുകഴിഞ്ഞു. അതിന്നു 22156 രൂപാ 35 നയാ പൈസ ചെലവായി. ഈ പണിക്ക് 149000 രൂപയുടെ ഒരു എസ്റ്റിമേറ്റ് അനുവദിക്കുകയും അതനുസരിച്ച് ടെൻഡർ വിളിക്കുകയും ചെയ്തുവെങ്കിലും ആരുടേയും പക്കൽനിന്നു ടെൻഡർ ലഭിക്കാത്തതു കാരണം ഉദ്ദേശിച്ച സമയത്തു് പണി തുടങ്ങാൻ സാധിച്ചില്ല. എസ്റ്റിമേറ്റ് പുതുക്കേണ്ടിവന്നു. പുതുക്കിയ എസ്റ്റിമേറ്റ് പരിശോധനയിലിരിക്കുകയാണു്. അടുത്തുതന്നെ ഇതിന്റെ പണി വീണ്ടും ടെൻഡർ വിളിച്ച് ഏർപ്പാട് ചെയ്യുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : കനോലി കനാലിന്റെ പണി ഈ നാവിഗേഷൻ കനാലിന്റെ പദ്ധതിയിലുൾപ്പെട്ടതാണോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഇതിന്റെ ചില ഭാഗങ്ങളും നന്നാക്കുന്നതിനു് ഏർപ്പാട് ചെയ്യുന്നുണ്ടു്.

ശ്രീ. പി. ചാക്കോ : പത്തു കൊല്ലമായി പണി ആരംഭിച്ചു് മുടങ്ങിക്കിടക്കുന്ന തിരുവല്ലാ മാക്കറ്റു കനാലിന്റെ പണി എന്നത്തേക്കു തീരുമെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതു് ഇപ്പോൾ കൃത്യമായി പറയാൻ സാദ്ധ്യമല്ല.

ശ്രീ. ആർ. സുഗതൻ : ചവറ തോട്ടം വക്കല തോട്ടം മണ്ണുവീണു താഴ്ച കുറഞ്ഞുവരുന്നതുകൊണ്ടു് ചരക്കു കയറിവരുന്ന വള്ളങ്ങൾ ഉറച്ചുപോകുന്നതു കൊണ്ടു് അവ മുതുകുകൊണ്ടു് തള്ളിയാണു് കൊണ്ടുപോകുന്നതെന്നറിയാമോ ?

ശ്രീ. പി പി. ഉമ്മർകോയ : അങ്ങനെയുള്ള സ്ഥലങ്ങളിൽ അതാതവ സരങ്ങളിൽതന്നെ ധനസ്ഥിതിയനുസരിച്ചു് വേണ്ടതു ചെയ്യുന്നതിനുള്ള ഏർപ്പാടുകളും ചെയ്യുന്നുണ്ടു്. ഈ കാര്യത്തെ സംബന്ധിച്ചു് ഗവണ്മെന്റിനു് വിവരം കിട്ടിയിട്ടുണ്ടു്. ധനസ്ഥിതിയനുസരിച്ചു് അവശ്യം വേണ്ട ജോലികളും ചെയ്യുന്നതാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : നാവിഗേഷന്റെ സൗകര്യക്കുറവാണു് തിരുവനന്തപുരത്തെ ഇൻഡസ്ട്രിയൽ പ്രോഗ്രാമുകൾക്കു തടസ്സമായിരിക്കുന്നതെന്നു എഫ്. എ. സി. റ്റി. മാനേജർ ശ്രീ. എം. കെ. കെ. നായർ സ്റ്റേറ്റുമെന്റു പുറപ്പെടുവിച്ചിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; അങ്ങനെയാണെങ്കിൽ, ഇന്നുള്ള നാവിഗേഷൻ കനാൽ വളരെ കൂടുതൽ സൗകര്യപ്രദമാക്കുന്നതിനുള്ള നടപടികളും എടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : സ്റ്റേറ്റുമെന്റു് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നു പ്രത്യേകം ചോദ്യം ചോദിക്കാതെ പറയാൻ നിർവ്വാഹമില്ല. നമ്മുടെ ചില തോടുകളിൽ സിൽറ്റു് കാരണം വെള്ളക്കുറവു് നേരിടുന്നതു് മാറ്റാൻ ആഴംകൂട്ടുന്നതിനും, വീതികൂട്ടുന്നതിനുമുള്ള പരിപാടിയുണ്ടു്. നമ്മുടെ ധനസ്ഥിതി അനുസരിച്ചു് ക്രമേണ ഈ ജോലികളും എടുത്തു നടത്തിവരികയാണു്.

ശ്രീ. എം. കൃഷ്ണൻ : വടകര മാഹി കനാലിൽ ഒന്നരനാഴിക നീളത്തിൽ മാത്രമേ പ്രവൃത്തി നടത്തിയിട്ടുള്ളൂ. ബാക്കിയുള്ള പ്രവൃത്തി നടത്താത്തതു് പണം അനുവദിക്കാത്തതുകൊണ്ടാണോ ?

ശ്രീ. പി. പി. ഉമ്മർകോയ : കേന്ദ്രഗവണ്മെന്റിന്റെ സാംഗ്ഷൻ കിട്ടേണ്ട ഒരു വക്കാണ്ടു് അതു്. മുഴുവൻ ജോലിക്കും റിവൈസു് ചെയ്തു് എസ്റ്റിമേറ്റു് അയച്ചിട്ടുണ്ടു്. അപ്പോൾ ഒരു ഭാഗം പ്രവൃത്തി നടത്തിയിട്ടുള്ളതു്

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രഗവണ്മെൻറിന്റെ അനുമതി ആൻറിസിപ്പേറ്റു ചെയ്തുകൊണ്ടാണു്. കേന്ദ്രഗവണ്മെൻറിന്റെ അനുമതി കിട്ടുന്നതോടുകൂടി ബാക്കിയുള്ള ജോലികളും തുടന്നു നടത്തുന്നതാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : നമ്മുടെ സംസ്ഥാനത്തെ വാട്ടർ ട്രാൻസ്പോർട്ട നാവിഗേഷൻ ഇന്നും പല സ്ഥലങ്ങളിലും ശരിയായ മെയിൻറനൻസു് ഇല്ലാത്തതുകൊണ്ടു് മുടങ്ങിക്കിടക്കുകയാണു്. അടിയന്തിരാവസ്ഥയെ പരിഗണിച്ചു് സാധനങ്ങളും വളരെ വേഗത്തിൽ കൊണ്ടുപോകുന്നതിനുള്ള ഒരു പരിശ്രമമെന്ന നിലയിൽ മുങ്ങിക്കിടക്കുന്ന നമ്മുടെ സംസ്ഥാനത്തെ കനാലുകളും മുഴുവൻ നന്നാക്കുന്നതിനുള്ള വല്ല പദ്ധതിയും ഗവണ്മെൻറിന്റെ പക്കൽ ഉണ്ടോ ? ഇല്ലെങ്കിൽ, ഇതു സംബന്ധിച്ചു പരിശോധന നടത്തി ഒരു പരിപാടി തയാറാക്കാൻ ശ്രമിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : നമ്മുടെ തോടുകളിൽ വേണ്ടപോലെ ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തി ഈ പദ്ധതിക്കാലത്തുതന്നെ ചില സ്ഥലങ്ങളിൽ എടുത്തു നടത്തുന്നുണ്ടു്. പ്രധാനമായി മൂന്നാം പദ്ധതിയിൽ വക കൊള്ളിച്ചിട്ടുള്ളതു് വടകര—മാഹി കനാലിനാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : കനോലി കനാലിന്റെ ചില പണികളും ഇതിൽ ഉൾപ്പെടുമെന്നു പറഞ്ഞു. അതിന്റെ സ്വഭാവമെന്താണു് ?

ശ്രീ. പി. പി. ഉമ്മർകോയ : ആഴം കൂട്ടുക, വീതി കൂട്ടുക, ജട്ടികൾ ഉണ്ടാക്കുക എന്നുള്ളവയാണു് ഉദ്ദേശിച്ചിട്ടുള്ളതു്.

അരിവില വർദ്ധനവു്

* 8. [4] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷേമ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഡിസംബർമാസത്തിൽ സംസ്ഥാനത്തെ അരിവില അമിതമായി വർദ്ധിക്കുകയുണ്ടായോ ;

(ബി) 1962 ഡിസംബർ മാസത്തിൽ ഉണ്ടായിരുന്ന വിലയെ അപേക്ഷിച്ചു് ഒരു ചാക്കു് അരിക്കു് എത്ര രൂപയുടെ വിലവർദ്ധനവു് 1963 ഡിസംബറിൽ ഉണ്ടായിരുന്നു ;

(സി) ഈ വിലവർദ്ധനവു് തടയാൻ എന്തെല്ലാം നടപടികളും സർക്കാർ എടുത്തു ?

ക്ഷേമ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ഉണ്ടായി.

(ബി) ചമ്പായിനം അരിക്കു് ക്വിൻറലിനു് 16 രൂപ വരെയും മറ്റിനം അരിക്കു് 7 രൂപാവരെയും വില വർദ്ധിച്ചിട്ടുണ്ടു്.

(സി) ആന്ധ്രായിൽനിന്നും കൂടുതൽ അരി ഇറക്കുമതി ചെയ്യുന്നതിനും അരി എത്രയും വേഗത്തിൽ സംസ്ഥാനത്തിൽ എത്തിച്ചേരുന്നതിനും വേണ്ട നടപടികളും എടുത്തു. വഴിക്കുള്ള സ്ഥലങ്ങളിൽ റെയിൽവെ വാഗനുകളും യഥാക്രമം നീങ്ങാതെ കിടക്കുന്നതിനെ പരിശോധിച്ചു് അവയെ സ്പെഷ്യൽ ട്രെയിൻമാർഗ്ഗമായി അതാതു സ്ഥലങ്ങളിലേക്കയയ്ക്കാൻ ഗവണ്മെൻറിൽനിന്നും ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചു. ഏതാനും ആഴ്ചകളിലെങ്കിലും റേഷൻ വർദ്ധിപ്പിക്കുന്നതിനു കേന്ദ്രഗവണ്മെൻറിനെ പ്രേരിപ്പിക്കുകയും 5000 ടൺ അരി ഈ ആവശ്യത്തിലേക്കു വരുത്തുകയും ചെയ്തു. ഈ സ്റ്റോക്കു കൊണ്ടു് 22-12-63 മുതൽ രണ്ടു ആഴ്ചക്കാലത്തേക്കു ന്യായവില ഷാപ്പുകൾവഴി 2 ഇടങ്ങഴി അരി വീതം ഓരോ കുടുംബത്തിനും കൊടുക്കാൻ ഏർപ്പാടുചെയ്തു.

കച്ചവടക്കാരുടെ അമിത ലാഭേച്ഛയെ നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർ കോൺഫറൻസുകൾ വിളിച്ചുകൂട്ടുകയും അമിതമായ വിലവർദ്ധനവു് വരുത്താതിരിക്കുന്നതിനു് കർശനമായ നിർദ്ദേശം നൽകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly